1258756/2024

**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കണ്ണൂർ ജില്ല – തലശ്ശേരി നഗരസഭ -തലശ്ശേരി വില്ലേജ് -വാസഗൃഹ നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ 25/02/2022 ലെ ഇ3/ബിഎ/339/21-22 നമ്പർ കത്ത്.
2. കണ്ണൂർ ടൗൺ പ്ലാനറുടെ 18/06/2022 തിയതിയിലെ TCPKNR/271/2022-C നമ്പർ കത്ത്
3. കണ്ണൂർ ടൗൺ പ്ലാനറുടെ 07/02/2024 തിയതിയിലെ LSGD/JD/KNR/7200/2023-PLG- നമ്പർ കത്ത്
4. KCZMA കണ്ണൂർ ജില്ലാ തല കമ്മിറ്റിയുടെ 08/03/2023 -ലെ TCPKNR/283/2023-C നമ്പർ CRZ ക്ലിയറൻസ്

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. LSGD/PD/8403/2024-TCPA1 തീയതി:24-04-2024

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭാ പരിധിയിലുള്ള തലശ്ശേരി വില്ലേജിൽ റീ സർവ്വേ നമ്പർ 75/1-ൽ ഉൾപ്പെട്ട 675.00sqm സ്ഥലത്ത് 234.55 ച.മീ തറ വിസ്തീർണ്ണം വരുന്ന ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.രമേഷ് കുമാർ കെ. എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Development plan for Thalassery Town-part Variation 2007 സോണിംഗ് റെഗുലേഷൻ Restricted II പ്രകാരം ആവശ്യമായ ചീഫ് ടൗൺപ്ലാനറുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി/ ഒക്യുപൻസി നൽകാൻ പാടുള്ളൂ.

2. കെ.എം.ബി.ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. കെ.എം.ബി.ആർ ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
6. KCZMA കണ്ണൂർ ജില്ലാ തല കമ്മിറ്റിയുടെ 08/03/2023 -ലെ TCPKNR/283/2023-C നമ്പർ CRZ ക്ലിയറൻസ് ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്

മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം: ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 24-04-2024 12:43:26

നിധീഷ് കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, തലശ്ശേരി നഗരസഭ, തലശ്ശേരി-670101

<u>പകർപ്പ്:-</u>

1. ശ്രീ.രമേഷ്കുമാർ.കെ, ശ്രീലക്ഷ്മി, കാവുംഭാഗം, കണ്ണൂർ-670649
2. ടൗൺപ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം